Sl. No.

# SSLC MODEL EXAMINATION, FEBRUARY - 2019

## SOCIAL SCIENCE

(Malayalam)

**Time : 2½ Hours** Total Score : 80

**നിർദ്ദേശങ്ങൾ :**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ് ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.
- **Part-A** യിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
  **Part-B** യിലെ ഓരോ ചോദ്യ നമ്പറിലും ഉൾപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും ഒരു ചോദ്യത്തിന് മാത്രമേ ഉത്തരമെഴുതേണ്ടതുള്ളൂ.

Score

### PART - A

1. ദക്ഷിണേന്ത്യയിൽ സ്ഥാപിക്കപ്പെട്ട ആദ്യ ഇരുമ്പുരുക്ക് ശാലയുടെ പേരെന്ത് ? 1

2. ചുവടെ തന്നിരിക്കുന്നവയിൽ ഏത് ബാങ്കാണ് ഇന്ത്യയിലെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ബാങ്കായി പ്രവർത്തിക്കുന്നത് ? 1
   (a) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (b) ഇന്ത്യൻ ബാങ്ക്
   (c) ബാങ്ക് ഓഫ് ഇന്ത്യ (d) റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ

3. നിസ്സഹകരണ പ്രസ്ഥാനം നിർത്തിവയ്ക്കുവാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച സംഭവം ഏത് ? 1

4. "നിങ്ങൾ രാഷ്ട്രീയത്തിൽ സജീവമായി ഇടപെടാതിരിക്കുന്നതിന്റെ പരിണിത ഫലം നിങ്ങളേക്കാൾ മോശമായവർ നിങ്ങളെ ഭരിക്കും എന്നതാണ്" ഏത് ചിന്തകന്റെ വാക്കുകളാണ് ഇത് ? 1

5. ചുവടെ നൽകിയിട്ടുള്ളതിൽ ലാറ്ററൈറ്റ് മണ്ണ് രൂപം കൊള്ളുന്ന പ്രദേശം ഏത് ? 1
   (a) ബസാൾട്ട് എന്ന ആഗ്നേയശിലകളാൽ നിർമ്മിതമായ പ്രദേശം
   (b) മൺസൂൺ മഴയും ഇടവിട്ട് ഉഷ്ണവും അനുഭവപ്പെടുന്ന പ്രദേശം
   (c) മരുഭൂമി പ്രദേശം
   (d) നദികളുടെ നിക്ഷേപണത്തിലൂടെ രൂപപ്പെടുന്ന സമതല പ്രദേശം

6. ഇന്ത്യയിലെ ഖാരിഫ്, റാബി എന്നീ കാർഷികകാലങ്ങളെ താരതമ്യം ചെയ്യുക. 3

7. സമൂഹ ശാസ്ത്രത്തിൽ ഉപയോഗിക്കുന്ന വ്യത്യസ്ത പഠന രീതികൾ ഏതെല്ലാം? 3

8. ഇലക്ട്രോണിക് ബാങ്കിംഗ് (E-banking) ഇടപാടുകാർക്ക് സഹായകരമാകുന്നത് എങ്ങനെ? 3

9. ട്രാൻസ്ഹിമാലയത്തെപ്പറ്റി ഒരു ലഘു വിവരണം എഴുതുക.

10. രാഷ്ട്രത്തിന്റെ വിവേചനപരമായ ചുമതലകൾ എന്തെല്ലാം ?

11. **'എ'** കോളത്തിന് അനുയോജ്യമായ **'ബി'** കോളത്തിൽ നിന്നും കണ്ടെത്തി പട്ടിക ക്രമപ്പെടുത്തുക.

| എ | ബി |
|---|---|
| ഡക്കാൻ എജ്യൂക്കേഷൻ സൊസൈറ്റി | ഡോ. സാക്കീർ ഹുസൈൻ |
| വിശ്വഭാരതി സർവ്വകലാശാല | വള്ളത്തോൾ നാരായണ മേനോൻ |
| ജാമിഅ മില്ലിയ ഇസ്ലാമിയ | മഹാദേവ ഗോവിന്ദ റാനഡെ |
| കേരള കലാമണ്ഡലം | രവീന്ദ്രനാഥ ടാഗോർ |

12. മനുഷ്യ വിഭവശേഷി വികസനത്തിന്റെ വിവിധ തലങ്ങൾ വിശദമാക്കുക. 4

13. 'മൗണ്ട് ബാറ്റൻ പദ്ധതി എന്നാൽ എന്ത് ? അതിന്റെ നിർദ്ദേശങ്ങൾ എഴുതുക.' 4

14. 1857ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിൽ ശിപായിമാരും രാജാക്കൻമാരും ബ്രിട്ടീഷ്കാർക്കെതിരെ പോരാടിയത് എന്തു കൊണ്ടെന്ന് വിശദമാക്കുക. 4

15. ചുവടെ ചേർത്തിട്ടുള്ള ഭൂവിവരങ്ങളെ നല്കിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തി പേരെഴുതുക. 4
   (a) നർമ്മദാ നദി
   (b) കാരകോറം നിരകൾ
   (c) കിഴക്കൻ തീരസമതലം
   (d) ഹാൽഡിയ തുറമുഖം

## PART - B

16. മിസൈൽ സാങ്കേതിക വിദ്യയിലും ബഹിരാകാശ പര്യവേക്ഷണങ്ങളിലും ഇന്ത്യയുടെ നേട്ടങ്ങൾ വിലയിരുത്തുക. 3

**അല്ലെങ്കിൽ**

മലബാറിൽ നടന്ന നിയമലംഘന പ്രസ്ഥാനത്തെക്കുറിച്ച് ഒരു ലഘു കുറിപ്പ് തയ്യാറാക്കുക.

17. താഴെ പറയുന്ന കാറ്റുകൾ ഓരോന്നും ഏതൊക്കെ മർദ്ദമേഖലകൾക്കിടയിലാണ് വീശുന്നത് ? 3
   (a) പശ്ചിമവാതങ്ങൾ
   (b) വാണിജ്യവാതങ്ങൾ
   (c) ധ്രുവീയ വാതങ്ങൾ

**അല്ലെങ്കിൽ**

സൂര്യന്റെ ആപേക്ഷിക ചലനം സൂചിപ്പിക്കുന്ന പട്ടിക പൂർത്തിയാക്കുക.

| | കാലയളവ് | ആപേക്ഷിക ചലനം |
|---|---|---|
| (i) | മാർച്ച് 21 മുതൽ ജൂൺ 21 വരെ | - - - - - - - - - - |
| (ii) | - - - - - - - - - - | ദക്ഷിണായന രേഖയിൽ നിന്നും ഭൂമധ്യരേഖയിലേക്ക് |
| (iii) | സെപ്റ്റംബർ 23 മുതൽ ഡിസംബർ 22 വരെ | - - - - - - - - - - |

Score

18. ഇന്ത്യയിൽ ഭാഷാ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ പുനസംഘടനയിലേക്ക് നയിച്ച ഘടകങ്ങൾ വിശദമാക്കുക. 3

**അല്ലെങ്കിൽ**

കേരളത്തിലെ ആധുനിക വ്യവസായങ്ങളുടെ ഉദയത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

19. ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ എന്തെല്ലാം ? 4

**അല്ലെങ്കിൽ**

പൊതു സമൂഹം നേരിടുന്ന ഏതെങ്കിലും രണ്ട് പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങളും എഴുതുക.

20. ധന നയത്തിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുക. 4

**അല്ലെങ്കിൽ**

ജില്ലാ ഉപഭോക്തൃതർക്ക പരിഹാര ഫോറത്തിന്റെ ഘടനയും അധികാരങ്ങളും വിശദമാക്കുക.

21. ഉപഗ്രഹ ചിത്രങ്ങൾ തയ്യാറാക്കുന്നതെങ്ങനെ ? സ്പേഷ്യൽ റെസല്യൂഷൻ എന്നാലെന്ത് ? 4

**അല്ലെങ്കിൽ**

നൽകിയിട്ടുള്ള മാതൃകാ റഫറൻസ് ഗ്രിഡുകൾ വിശകലനം ചെയ്ത് താഴെ പറയുന്നവ കണ്ടെത്തിയെഴുതുക.




(i) നീരുറവയുടെ സ്ഥാനം 6 അക്ക ഗ്രിഡ് റഫറൻസ് രീതിയിൽ കണക്കാക്കുക.

(ii) 682 315 എന്ന 6 അക്ക ഗ്രിഡ് റഫറൻസുകളുടെ സവിശേഷത എന്ത് ?

(iii) വാസസ്ഥലങ്ങളുടെ സ്ഥാനം 4 അക്ക ഗ്രിഡ് റഫറൻസ് രീതിയിൽ കണക്കാക്കുക.

(iv) ഉയരവും ഭൂപ്രകൃതിയും കാണിക്കുന്നതിന് ഇതിൽ അവലംബിച്ചിട്ടുള്ള രീതിയേത് ?

Score

22. സെൻട്രൽ വിജിലൻസ് കമ്മീഷൻ, ഓംബുഡ്സ്മാൻ എന്നിവ എന്തെന്ന് വിശദമാക്കുക. 4

**അല്ലെങ്കിൽ**

പൌരബോധ രൂപീകരണത്തിൽ സാമൂഹ്യശാസ്ത്ര പഠനം വഹിക്കുന്ന പങ്ക് വിശദമാക്കുക.

23. ഉപഭോക്താക്കൾ ചൂഷണം ചെയ്യപ്പെടുകയോ കബളിപ്പിക്കപ്പെടുകയോ ചെയ്യുന്ന സന്ദർഭങ്ങൾ വിശദമാക്കുക. 4

**അല്ലെങ്കിൽ**

ഇന്ത്യയിലെ ഏതെങ്കിലും രണ്ട് പ്രത്യക്ഷനികുതികൾ വിശദീകരിക്കുക.

24. പ്രാദേശികസമയം, സ്റ്റാൻഡേർഡ് സമയം, ഗ്രീനിച്ച് സമയം എന്നിവ എന്തെന്ന് വ്യക്തമാക്കുക. ഗ്രീനിച്ച് സമയം രാത്രി 12 മണിയായിരിക്കെ ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം എത്രയാണ് കണക്കാക്കുക. 5

**അല്ലെങ്കിൽ**

മൺസൂൺ എന്നാലെന്ത് ? തെക്ക് പടിഞ്ഞാറൻ മൺസൂൺ കാറ്റുകൾ രൂപപ്പെടുന്നതിൽ വാണിജ്യവാതങ്ങളുടെ പങ്ക് വിശദമാക്കുക.

25. ഒന്നാംലോകയുദ്ധത്തിന്റെ കാരണങ്ങൾ വിശകലനം ചെയ്യുക. 6

**അല്ലെങ്കിൽ**

റഷ്യയിലെ ഫെബ്രുവരി വിപ്ലവത്തിലേക്ക് നയിച്ച ഘടകങ്ങൾ വിവരിക്കുക.

-oOo-